കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്

# 2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.5)27/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020
ഫോൺ: 0487-2331249
Email: dotsr.ksad@kerala.gov.in
തിയതി: 16/04/19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം മൂന്നിലെ 3-1, 3-3, 3-5 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ്

റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.(പി.5)27/2019 തിയ്യതി: 16/04/19

<u>തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ</u>

# ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.09.17 മുതൽ 12-12-18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.17 മുതൽ 31.03.18 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ.കെ., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-12-2018 മുതൽ 22-12-2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ലിസ്സി.ടി.ജെ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷൈനി കൃഷ്ണദാസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. വിദ്യാ വിക്രമൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രേഖ.ഇ.സി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി.രതി.എം.ശങ്കർ.<br>01.04.2017 മുതൽ 31.03.18 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. അബ്ദുൾ റസാഖ്.പി.എസ്. | 01.04.17 മുതൽ 28.04.17 വരെ |
| | ശ്രീ.സുരേഷ് ബാബു.വി.എസ് | 29.04.2017 മുതൽ 19.08.2017 വരെ |
| | ശ്രീ.ജയൻ.എം. | 20.08.2017 മുതൽ 22.08.2017 വരെ |
| | ശ്രീ.സജി തോമസ് | 23.08.2017 മുതൽ 15.01.2018 വരെ |
| | ശ്രീ.പി.എസ്.അബ്ദുൾ റസാക്ക് | 16.01.2018 മുതൽ 20.01.2018 വരെ |
| | ശ്രീ.എസ്.ബാലാനന്ദൻ | 21.01.2018 മുതൽ 31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.അനിത.എം.കെ. | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.പ്രതീഷ് കുമാർ.യു.കെ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.അഞ്ജലി വിജയൻ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.പ്രീതി.എം.പി. | 01-04-2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സുഹാന.എ.ഐ. | 01-04-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഹരീഷ്.പി.എസ്. | 01-04-2017 മുതൽ 31-03-2018 വരെ |
| ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ് | ശ്രീമതി.ടി.കെ.ശാന്ത | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ. | ശ്രീമതി.ശ്രീദേവി.എസ്.കെ. | 01-04-2017 മുതൽ 30-06-2017 വരെ |

| | | |
|---|---|---|
| | ശ്രീ.അജിത് കുമാർ | 01-07-17 മുതൽ 31.03.18 വരെ |
| | ശ്രീ.ലിന്റോ.ഇ.വി. | 01-04-2017 മുതൽ 04-07-2017 വരെ |
| എൽ.വി.ഇ.ഒ. | ശ്രീമതി.ഷിജി.കെ.യു. | 05-07-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഉഷ.കെ.എസ്. | 01-04-2017 മുതൽ 22-09-2017 വരെ |
| | ശ്രീമതി.ഷീജ.പി.ജെ. | 23-09-2017മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എം.ജയൻ. | 01-04-2017 മുതൽ 17-10-2017 വരെ |
| | ശ്രീ.പി.എസ്.അബ്ദുൾ റസാക്ക് | 18-10-17 മുതൽ 31.3.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ആമിന പി.ബി | 01-04-2017 മുതൽ 31-03-2018 വരെ |

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2 | | |
| 13 | കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-1 |

| | | |
|---|---|---|
| 14 | ഭവനനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ധനസമാഹരണം ആരംഭിച്ചിട്ടില്ല | 2-2 |
| 15 | വസ്തു നികുതിയോടൊപ്പം സേവന ഉപ നികുതി ചുമത്തുന്നില്ല | 2-3 |
| 16 | വസ്തുനികുതിയിൽ നിന്നും ഒഴിവാക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 2-4 |
| 17 | മൊബൈൽ ടവർ - വസ്തു നികുതി നിർണ്ണയം- കുടിശ്ശിക ഈടാക്കിയില്ല | 2-5 |
| 18 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല | 2-6 |
| 19 | ഇ-ടെൻഡർ ഫാറം വില്പന | 2-7 |
| ഭാഗം 3 | | |
| 20 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം -മാർഗരേഖയിൽ അനുവദനീയമായതിലും കൂടുതൽ തുക നല്കി | 3-1 |
| 21 | പി.എം.എ വൈ/ഐ.എ.വൈ അധിക ധനസഹായംനല്കൽ -രസീത്, വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല -ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു | 3-2 |
| 22 | ടെണ്ടർ ക്ഷണിച്ചതിനു ശേഷം ടെണ്ടർ അംഗീകരിക്കുന്ന സമയത്ത് സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി കൂടിയ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന് ടെണ്ടർനൽകി | 3-3 |
| 23 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു | 3-4 |

| | | |
|---|---|---|
| 24 | നെൽവിത്ത് വിതരണം -സബ്സിഡി അധികം നല്കിയത് നിരാകരിക്കുന്നു | 3-5 |
| 25 | പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (ജനറൽ)- തുക മുഴുവൻ കൈമാറിയിട്ടും പണി പൂർത്തീകരിച്ചില്ല. | 3-6 |
| 26 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് - പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല. | 3-7 |
| 27 | കന്നുകുട്ടി പരിപാലന പദ്ധതി | 3-8 |
| 28 | ആശ്രയപദ്ധതി നടപ്പാക്കിയിട്ടില്ല | 3-9 |
| 29 | പണ്ടാരമാട് എസ്.സി.കോളനി നവീകരണം-തനത്ഫണ്ട് തിരികെ ലഭിച്ചില്ല | 3-10 |
| 30 | മരാമത്ത് പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ്- തുടർനടപടിയുടെ വിവരം ലഭ്യമാക്കേണ്ടതാണ് | 3-11 |
| 31 | കരാറുകാർ മുഖേന നിർവ്വഹണം നടത്തുന്ന റോഡ് പ്രവൃത്തികൾക്ക് 10% ലാഭവിഹിതം,10% ഓവർഹെഡ്ചാർജ് എന്നിവ അനുവദിച്ചു | 3-12 |
| 32 | ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-13 |
| 33 | ക്ഷീരവികസന ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-14 |
| 34 | നെൽകൃഷി കൂലിച്ചെലവ് -വിതരണ രേഖകൾ ഹാജരാക്കിയില്ല -ചെലവ് | 3-15 |

| | | |
|---|---|---|
| | തുക തടസ്സത്തിൽ വയ്ക്കുന്ന | |
| ഭാഗം 4 | | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 45 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| പാസാക്കിയ തിയ്യതി | 30-3-2017 |
| കമ്മിറ്റി തീരുമാനം | 110/17(1) |
| പ്രതീക്ഷിത വരവ് | 175268702 |
| പ്രതീക്ഷിത ചെലവ് | 173090200 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2018 | 31-5-2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കേഷൻ നമ്പർ/ തിയതി |
|---|---|---|
| 2017-18 | 22.06.18 മുതൽ 23.06.18 വരെ | കെ.എസ്.എ.ടി.എസ്.ആർ.(ഇ3)1150/18(85) തിയതി.31.07.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,79,84,397.23 |
| വരവ് | 66554238 |
| ആകെ | 84538635.23 |
| ചെലവ് | 80050422 |
| നീക്കിയിരിപ്പ് | 4488213.23 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 16091000 | 16091000 | 12069885 | 4021115 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 11249126 | 11249126 | 10949603 | 299523 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | ---- | ----- | ----- | ----- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7592000 | 7592000 | 7510005 | 81995 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3739000 | 3739000 | 3739000 | ----- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6481885 | 6481885 | 6481885 | ----- |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) – state | | 0 | 1002947 | 1002947 | 1002947 | --- |
| Central | | 0 | 1133738 | 1133738 | 1133738 | ---- |
| സാക്ഷരത | | 11537 | 294184 | 305721 | 305721 | --- |
| ദുരിതാശ്വാസനിധി | | 0 | 1057 | 1057 | 0 | 1057 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 9342093 | 9342093 | 9342093 | -- |

| | | | | | | |
|---|---|---|---|---|---|---|
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1011438 | 1011438 | 992401 | 19037 |
| | ആസ്തി നിർമ്മാണം | 0 | 698590 | 698590 | 698590 | --- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- (ഐ.സി.ഡി.എസ്) | | 547853 | 159938 | 707791 | 336712 | 371079 |
| PYCKA | | 1776 | --- | 1776 | ----- | 1776 |
| ----320100199-centrally sponsored schemes. Grants funds &contribution for specific purpose- central government | | --- | 41000 | 41000 | 400 | 40600 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ – | | | | | | |
| Total sanction | | -- | 372000 | 372000 | --- | 372000 |
| വിമുക്തി | | 25000 | 12500 | 37500 | 25000 | 12500 |
| ശുചിത്വ മിഷൻ | | | | | | |
| ഹരിത കേരളം | | | | | | |
| Litteracy Scheme Grant | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് ##(സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗത്തിൽ അപാകത പരാമർശിച്ചിട്ടുണ്ട്) | ബ്ലോക്ക് പഞ്ചായത്ത് | 2003189 | 1037869 | 3041058 | 699621 | 2341437 |
| | ജില്ലാ പഞ്ചായത്ത് | 44425 | 3700000 | 3744425 | 1344425 | 2400000 |
| ബി ഫണ്ട് | | 0 | 41007723 | 41007723 | 41007723 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | | 10726806 | 10635508 | 21362314 | 21468025 | -105711 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് VFCB | 4672082.50 | 7569363 | 12241445 | 8931633 | 3309812.50 |
| | ട്രഷറി അക്കൗണ്ട് | 10726806 | 10635508 | 21362314 | 21468025 | -105711 |
| | SBT (SBI) PLAN | 753596 | 1043900 | 1797496 | 951848 | 845648 |
| മറ്റിനം: സഹകരണ ബാങ്ക് | | | | | | |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 167 | 83050895 | 94 | 48697945 | 29 | 44 | 56.29 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1011438 | 1011438 | 992401 | 19037 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9342093 | 9342093 | 9342093 | - |
| ആസ്തി നിർമ്മാണം | 0 | 698590 | 698590 | 698590 | - |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 49920 | 78 |
| കർഷകതൊഴിലാളി പെൻഷൻ | 5763500 | 503 |
| വിധവാപെൻഷൻ | 11309200 | 969 |
| വാർദ്ധക്യകാലപെൻഷൻ | 19252200 | 1552 |
| വികലാംഗപെൻഷൻ | 3357300 | 291 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിത പെൻഷൻ | 1065600 | 89 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-12-2018 1.30 P.M.-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,805/ രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജീസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും, സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.

2) പഞ്ചായത്തിനുകീഴിലുള്ള എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ഇൻകുമ്പൻസി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ എണ്ണം കാണിയ്ക്കുന്ന രജിസ്റ്റർ, തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾക്കായുള്ള സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ യഥാവിധി എഴുതി പരിപാലിക്കേണ്ടതാണ്.

4) ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്ററിൽ ചുമതല കൈമാറി നൽകിയ ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ചുമതല ഏറ്റെടുത്ത ഉദ്യോഗസ്ഥന്റെ പേരും ഒപ്പും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

5) സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തേണ്ടതാണ്.

6) ആയിരം രൂപക്ക് മുകളിലുള്ള തുക ക്യാഷായി നൽകരുത്. ആഭ്യന്തരനിയന്ത്രണ സംവിധാനം കുറ്റമറ്റതാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-11-2018 | ഒക്ടോബർ 2018 | 01.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-12-2007 | 1997-98 മുതൽ 2006-07 വരെ | 28-01-2008 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. താഴെപ്പറയുന്ന ഇനങ്ങളുടെ വരവ് വാർഷിക കണക്ക് പ്രകാരവും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|

| | | |
|---|---|---|
| | (റസീപ്റ്റ് ആന്റ് പേയ്മെന്റ്) | |
| വികസന ഫണ്ട് - ജനറൽ | 11863205 | 12334587 |
| വികസനഫണ്ട്- എസ്.സി.പി | 10645803 | 10949603 |

2. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4-ൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന ICDS, PYCKA എന്നിവയ്ക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് ഇല്ലാത്തതാണ്. എന്നാൽ ഈ ശീർഷകങ്ങൾക്കൊന്നും തന്നെ പ്രത്യേകം Appropriation Controll Register എഴുതി പരിപാലിച്ചുവരുന്നില്ല .

4. ബി ഫണ്ട്- അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. വാടക - ഓഡിറ്റോറിയം & ഹാൾ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരം വരുമാനം 161250 രൂപയും റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം വരവ് 166250 രൂപയുമാണ്.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-ൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം 27281353/- രൂപയാണ്. ആയത് പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തിരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

7. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a)-ൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ₹4679790 രൂപ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി ഹാജരാക്കിയ രേഖകൾ (പ്രോജക്ട് രജിസ്റ്റർ) വാർഷിക കണക്ക് തുകയുമായി പൊരുത്തപ്പെടുന്നില്ല.

8. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 17-18 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി 2641125 രൂപ കെ.എസ്.ഇ.ബി.യ്ക്ക് അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ റസീപ്റ്റ് ആന്റ് പേയ്മെന്റ് അഡ്വാൻസ് ഹെഡ്ഡിൽ (RP 47) തുക കാണിക്കാതെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ തന്നെ വിനിയോഗ വിവരം ലഭിക്കാതിരുന്നിട്ടും ബാലൻസ് ഷീറ്റ് അഡ്വാൻസ് ഹെഡ്ഡിലും (B-18) ഈ തുക വന്നിട്ടില്ല.

9. വാർഷിക കണക്ക് പ്രകാരം, 80,000/- രൂപയും ലോൺ രജിസ്റ്റർ പ്രകാരം 100000/- രൂപയുമാണ് തൻവർഷ ലോൺ വരവ്. വരവിൽ 20000 രൂപയുടെ വ്യത്യാസം കാണുന്നു. ആയതിനാൽ തന്നെ ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ ബി-5) പ്രകാരം തൻവർഷാവസാനം തിരിച്ചടയ്ക്കാനുള്ള തുകയിലും ഈ വ്യത്യാസം പ്രതിഫലിക്കുന്നു.

10. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം സാമ്പത്തിക വർഷം മുന്നിരിപ്പടക്കം (36200+463424) ആകെ 499624 രൂപയുടെ മൂല്യം കാണിച്ചിരിക്കുന്നു. ഇതിൽ 240115 രൂപയുടെ സാധനങ്ങൾ തൻവർഷം ഇഷ്യൂ ചെയ്തിട്ടുണ്ട്. ബാലൻസ് സ്റ്റോക്കിന്റെ മൂല്യം 259509 രൂപയാണെന്നിരിക്കെ ബാലൻസ് ഷീറ്റിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി-യിരിക്കുന്നത് '0' എന്നാണ്.

11. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period

item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2018 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 61356 |
| 280100104-Prior period income- Property tax on non residential buildings | 111773 |
| 280200401-Prior period income- Other incomes | 32789 |
| 280800501-Prior period- programme expenses | 43491 |
| 280100102- Prior period incomeProfession tax- institutions / Professionals / traders | 21140 |
| 280200101-Prior period income-Rent from Building | 51401 |
| 280800601-Prior period- Revenue grants & Contributions | 68234 |

12. (1) വെങ്കിടങ്ങ് ഫാർമേഴ്സ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ റീകൺസീലിയേഷൻ പത്രിക പ്രകാരം 320395രൂപ "Cheques deposited but not collected" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(2) Directly credited by bank" എന്ന ഇനത്തിൽ 7504/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

14. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ് വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ് വെയറിൽ

യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതി ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ് വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

## കുടിശ്ശിക – ഡി സി ബി ( Res. & Non Res.)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | 137518 | 51500 | 86020 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 51500 | 43410 ( ബാലൻസ് ഷീറ്റ് B-15 പ്രകാരം സെസ്സ് കുറച്ചുള്ള തുക) |

## തൻവർഷം -ഡി സി ബി

റെസിഡൻഷ്യൽ

<table>
<tr><th></th><th>ഡിമാന്റ്</th><th>കളക്ഷൻ</th><th>മുൻകൂർ ക്രമീകരിച്ചത്</th><th>ബാക്കി</th></tr>
<tr><td>"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം</td><td>2120637</td><td>1942071</td><td>183654</td><td>2651 (യഥാർത്ഥത്തിൽ ബാലൻസ് വരേണ്ട തുക 5088/- രൂപയാണ്)</td></tr>
<tr><td rowspan="2">വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം</td><td>2120637</td><td>1942071</td><td>*</td><td>4835</td></tr>
<tr><td>(ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)</td><td>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)</td><td>*( 350410101-Advance collection-PT on Res. bldg-എന്ന ഹെഡ്ഡിൽ 16-17 ൽ 109536രൂപയാണുള്ളത് ആയത് ക്രമീകരിച്ചാൽ തന്നെയും നീക്കിയിരിപ്പിൽ വ്യത്യാസം വരുന്നതാണ്.</td><td>*(5077/105X100)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)</td></tr>
</table>

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | 943473 | 921306 | 57479 | 8705 (യഥാർത്ഥത്തിൽ ഡിമാന്റിൽ നിന്നും കളക്ഷൻ+ അഡ്വാൻസ് കുറച്ചാൽ ബാലൻസ് വരുന്നില്ല) |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 943473 | 921306 | * | *17408 (ഡിമാന്റ് - കളക്ഷൻ തുക 22167/- രൂപയാണ്) |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | *( 350410104- Advance collection-PT on NR bldg-പ്രകാരം 16-17-ൽ അഡ്വാൻസ് കളക്ഷൻ ഇല്ല | *(18279/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

14. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 17-18 കാലയളവിലെ net decrease in cash and cash equivalence ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13496184/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിലെ net cash generated by operating investing and financing activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് 19753258/- രൂപയാണ്. പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

15. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് 60 ദിവസത്തിലധികമായി പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.4/17-18 നൽകി. കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടുണ്ട്.

## 2-2 ഭവനനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ധനസമാഹരണം ആരംഭിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീ 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ,സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്.ആയതനുസരിച്ച് ഗ്രാമ പഞ്ചായത്ത് ഭവനനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ധനസമാഹരണം ആരംഭിച്ചിട്ടില്ല.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ,ഉദ്യോഗസ്ഥർ,കച്ചവടക്കാർ,സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം/വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 വസ്തു നികുതിയോടൊപ്പം സേവന ഉപ നികുതി ചുമത്തുന്നില്ല

2011 ലെ കേരള പഞ്ചായതത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർ ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിൻെറയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിൻെറ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പഞ്ചായത്ത് വസ്തു നികുതിയോടൊപ്പം സേവന ഉപ നികുതി ചുമത്തി കാണുന്നില്ല.

## 2-4 വസ്തുനികുതിയിൽ നിന്നും ഒഴിവാക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് (എം എസ്) 358/15/ ത സ്വ ഭവ തിയതി 16.12.15 പ്രകാരം 60ചതുരശ്ര മീറ്ററിൽ വരെ വിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളെയും 2015-16 വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിരുന്നു എന്നും എന്നാൽ ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ /കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിരുന്നു.

എന്നാൽ പഞ്ചായത്തിൽ മേൽ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങളുടെ ലിസ്റ്റ് പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ പേരിലുള്ള ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾ നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ/ ഡോർ നമ്പർ | ഉടമയുടെ പേര് | തറ വിസ്തീർണ്ണം ($M^2$) |
|---|---|---|
| 1/22 | സൈനബ, w/o ഉമ്മർ, പണിക്കവീട്ടിൽ | 28 |
| 1/23 | | 29 |
| 1/128 | അയ്യപ്പ വേലായുധൻ കൊട്ടമ്പി ഹൗസ് | 60 |
| 1/129 | | 25 |
| 3/128 | ശങ്കരനാരായണൻ നടുവിലപുരയ്ക്കൽ വീട് | 46.46 |
| /129 | | 46.46 |

മേൽ വിഷയത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുള്ള സാഹചര്യത്തിൽ ആയത് പുന:പരിശോധിക്കേണ്ടതും ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 16/17-18 തിയതി.21.12.18)

## 2-5 മൊബൈൽ ടവർ - വസ്തു നികുതി നിർണ്ണയം- കുടിശ്ശിക ഈടാക്കിയില്ല

ഇൻഡസ് ടവേഴ് സിന്റെ 14.99 എം2 തറവിസ്തീർണ്ണമുള്ള ടവർ പണിയുന്നതിനായി C3-591/07 /51/09-10/ dt . 29.5.09 ആയി ബിൽഡിംഗ് പെർമിറ്റ് ലഭിച്ചിരുന്നു. 13.1.10 ൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. 23.2.10 ൽ പഞ്ചായത്തിൽ നിന്നും ഒക്യുപൻസി സർട്ടിഫിക്കറ്റും അനുവദിച്ചതായി കാണുന്നു. എന്നാൽ 17-18 ൽ ആണ് വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നത്. സെസ്സ് ഉൾപ്പെടെ 7084രൂപയാണ് വസ്തുനികുതി കണക്കാക്കിയത്. 2014-15 മുതലുള്ള കുടിശ്ശിക ഡിമാന്റ് നോട്ടീസ് സ്ഥാപനത്തിന് നൽകുകയും പലിശ സഹിതം സ്ഥാപനം തുക അടവാക്കിയതായും (രശീതി നം 117020500030/19.2.18) കാണുന്നു. എന്നാൽ 13.1.10 ൽ നിർമ്മാണം പൂർത്തിയാക്കിയതിന് 09-10 മുതലുള്ള നികുതി ഈടാക്കാതെ 14-15 മുതലുള്ള

കുടിശ്ശിക കണക്കാക്കി ഈടാക്കിയതായി കാണുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് (16/21.12.18) മൂന്ന് വർഷത്തെ കുടിശ്ശിക ഈടാക്കുന്നതിനുള്ള അനുമതിയുള്ളതിനാലാണ് 14 -15 മുതലുള്ള കുടിശ്ശിക പിരിച്ചെടുത്തത് എന്നാണ് മറുപടി ലഭ്യമാക്കിയത്. കുടിശ്ശിക തുക യഥാസമയം പിരിച്ചെടുക്കാതിരുന്നാൽ മൂന്ന് വർഷം കഴിയുമ്പോൾ ആയത് കാലഹരണപ്പെടുന്നതും പിരിച്ചെടുക്കുന്നതിന് നിയുക്തനായ ഉദ്യോഗസ്ഥന്റെ ബാധ്യതയായിക്കും എന്നതിനാലും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല . പെർമിറ്റ് ഫീസ് ഈടാക്കുന്നതിന്റെ വിവരങ്ങൾ, വസ്തു നികുതി നിർണ്ണയം നടത്തിയതിന്റെ വിവരങ്ങൾ, പൂർത്തീകരണ /ഒക്യുപേഷൻ വിവരങ്ങൾ, മുൻവർഷങ്ങളിൽ പെർമിറ്റ് എടുത്ത് കാലാവധി കഴിഞ്ഞ് തൻവർഷം പുതുക്കി നൽകുന്നുണ്ടെങ്കിൽ ആ വിവരം എന്നിവ ഒന്നും തന്നെ രജിസ്റ്ററിൽ ചേർക്കുന്നതായി കാണുന്നില്ല. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-7 ഇ-ടെൻഡർ ഫാറം വില്പന

2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടറിംഗ് നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ ഫാറങ്ങളുടെ വില ഇനത്തിൽ 53700/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ട്. എന്നാൽ ടി തുക എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. ടി തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം -മാർഗരേഖയിൽ അനുവദനീയമായതിലും കൂടുതൽ തുക നല്കി

പ്രോജക്ട് – വിവാഹ ധനസഹായം -പട്ടികജാതി

പ്രോജക്ട് നമ്പർ - 77/18

ആകെ ചെലവ് തുക - 2400000/-

നിർവ്വഹണം – അസി.സെക്രട്ടറി

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നല്കുന്നതിനായി നടപ്പാക്കിയിട്ടുള്ളതാണ് മേൽ പ്രോജക്ട് .2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം. 80/17/തസ്വഭവ തീ.03/4/17 പ്രകാരം വിവാഹ ധനസഹായമായി അനുവദിക്കാവുന്ന തുക 75000/-രൂപയാണ്. ഈ തുകയ്ക്കു അർഹത മേൽ ഉത്തരവിന്റെ പ്രാബല്യതീയ്യതി മുതൽ നടന്ന വിവാഹങ്ങൾക്കാണ് (3/4/17)മുൻകാല പ്രാബല്യം ഇല്ല. ഇതിനു

മുൻപ് നടന്ന (2016-17 കാലയളവിൽ) വിവാഹങ്ങൾക്ക് ആ കാലയളവിലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം.4/2016/തസ്വഭവ തീ.11.1.16 പ്രകാരമുള്ള 50000/- രൂപയ്ക്കേ അർഹതയുള്ളൂ. 2016-17 കാലഘട്ടത്തിൽ നടന്ന വിവാഹങ്ങൾക്കും 75000/- രൂപ വീതം നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, വിലാസം | വിവാഹം നടന്ന തീയതി | വിവാഹസർട്ടിഫിക്കറ്റ് നമ്പർ/തീയതി | ബിൽ നമ്പർ/തുക | നല്കിയ തുക | നല്കേണ്ട തുക | അധികം നല്കിയ തുക |
|---|---|---|---|---|---|---|
| സിന്ധുരി D/O സതി ബാബു, പെരിങ്ങാട്ട് (H), XV/13 | 27/11/16 | 12571/17/25.7.17 (വെങ്കിടങ്ങ് ഗ്രാ.പ) | 21/17-18 /14.3.18 /450000 | 75000 | 50000 | 25000 |
| അശ്വതി D/O ഓമന സാംബശിവൻ, തയ്യിൽ, കണ്ണോത്ത് (H), VI/402 | 23/02/17 | 7567/17/28.11.17 (വെങ്കിടങ്ങ് ഗ്രാ.പ) | 14/17-18 /28.12.17/ 750000 | 75000 | 50000 | 25000 |
| ഹരിഷ്മ D/O രമഹർഷൻ, ചൂലിശ്ശേരി (H), V/304 | 29/01/17 | 603/17/31.10/17 (വെങ്കിടങ്ങ് ഗ്രാ.പ) | 14/17-18 /28.12.17/ 750000 | 75000 | 50000 | 25000 |
| ഗ്രീഷ്മ D/Oചന്ദ്രൻ.കെ.കെ, കാളപ്പുറത്ത്, തൊയക്കാവ് XIII/220 | 01/3/17 | 2154/17/25.3.17 (വാടാനപ്പള്ളി ഗ്രാ.പ) | 14/17-18 /28.12.17/ 750000 | 75000 | 50000 | 25000 |
| കൃഷ്ണ D/Oമേനക.പി.ജി, കൊല്ലങ്കി ഹൗസ്, തൊയക്കാവ്, XV/409A | 15/01/17 | 683/17/10.02.17 (വെങ്കിടങ്ങ് ഗ്രാ.പ) | 19/17-18 /31.01.18/ 150000 | 75000 | 50000 | 25000 |
| രമ്യ സി.എം D/Oരവി.സി.എം. ചക്കേരിഹൗസ്, പാട്ടൂർ പി.ഒ | 27/1/17 | 1047/17/29.3.17 | 10/17-18 /30.10.17/ 375000 | 75000 | 50000 | 25000 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | | | | | | 150000 |

മാർഗ്ഗരേഖയിൽ അധികരിച്ച് നൽകിയ 150000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പദ്ധതികൾ നടപ്പാക്കുമ്പോൾ സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. 2017-18ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം. 80/17/തസ്വഭവ തീ.03/4/17 ഖ.11.5 പ്രകാരം വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ എല്ലാ ഗുണഭോക്താക്കളും വളരെ വൈകിയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നത് സംബന്ധിച്ച് അറിയാത്തതു മൂലമാണ് അപേക്ഷ നല്കാൻ വൈകുന്നത് എങ്കിൽ ഗ്രാമസഭയിലും വാർഡ് മെമ്പർമാർ വ്യക്തിപരമായും ഇത് സംബന്ധിച്ച് ബോധവത്ക്കരണം നല്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 2/18.12.18)

## 3-2 പി.എം.എ.വൈ./ഐ.എ.വൈ അധിക ധനസഹായംനല്കൽ -രസീത്, വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല -ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് – പി.എം.എ.വൈ/ഐ.എ.വൈ അധിക ധനസഹായംനല്കൽ (പട്ടികജാതി)

പ്രോജക്ട് നമ്പർ - 83/18

ബിൽ നമ്പർ -20/17-18 തീ.21/02/18 തുക – 175000/-

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രകാരം സംയുക്ത പ്രോജക്റ്റ് നടപ്പാക്കുന്നതിനുള്ള പഞ്ചായത്ത് വിഹിതമായി 175000രൂപ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ ചെലവ് തുക ഓഡിറ്റ് താത്ക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി 3/18.12.18)

## 3-3 ടെണ്ടർ ക്ഷണിച്ചതിനു ശേഷം ടെണ്ടർ അംഗീകരിക്കുന്ന സമയത്ത് സ്പെസിഫിക്കേഷനിൻ മാറ്റം വരുത്തി കൂടിയ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന് ടെണ്ടർ നൽകി

പ്രോജക്ട് – വൃദ്ധജനങ്ങൾക്ക് കട്ടിൽ നൽകൽ (പട്ടിക ജാതി)

പ്രോജക്ട് നമ്പർ - 98/18, 183/18 (എസ്.സി വനിത)

ബിൽ നമ്പർ -1) 23/17-18 തീ.24/03/18 തുക – 849800/-

2)24/17-18 തീ.24/3/18 തുക -419144/-

നിർവ്വഹണം – അസി.സെക്രട്ടറി

മേൽ പദ്ധതിക്കായി കട്ടിൽ വാങ്ങിയത് ഇ-ടെണ്ടർ നടപടികളിലൂടെയാണ്(ടെണ്ടർ പരസ്യനമ്പർ C1 -6314/AS/Tender/3/17 dt.29/12/17).പരസ്യ പ്രകാരമുള്ള സ്പെസിഫിക്കേഷൻ Material -wood,length- 1.98cm,height-front leg-60cm,back leg-50cm,surface -8mm plywood എന്നാണ്.ടെണ്ടറിൽ പങ്കെടുത്ത ARTCO Ltd എന്ന സ്ഥാപനം 3368 രൂപയും AH Wood Industres എന്ന സ്ഥാപനം 4249രൂപയും ക്വാട്ട് ചെയ്തിട്ടുണ്ട്. 20/2/18 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം 1/1 പ്രകാരം ,കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റ്യൂട്ടിന്റെ പരിശോധന റിപ്പോർട്ട് അനുസരിച്ച് കൂടുതൽ ഈട് നിൽക്കുന്ന മരം കൊണ്ട് നിർമിച്ച കട്ടിൽ വിതരണം ചെയ്യുന്നതിനാണ് എ.എച്ച്.ഇൻഡസ്ട്രീസ് എന്ന സ്ഥാപനം ടെണ്ടർ സമർപ്പിച്ചിട്ടുള്ളതെന്നും, പ്ലൈവുഡ് പതിച്ച കട്ടിലിന് സർക്കാർ നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞവിലയാണ് പലക പതിച്ച കട്ടിലിന് ഈ സ്ഥാപനം കോട്ട്ചെയ്തിട്ടുള്ളതെന്നും അഞ്ച് വർഷ വാറണ്ടി നല്കാൻ തയ്യാറായതിനാലും എ.എച്ച്.ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്ന് കട്ടിലൊന്നിന് 4249/-രൂപ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുന്നതിനും തീരുമാനിച്ചു.ഈ വാങ്ങലുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.1 .ടെണ്ടർ സ്പെസിഫിക്കേഷൻ പ്രാകരം surface -8mm *plywood* എന്നാണ് (*മരം കൊണ്ട് നിർമിച്ചത് എന്നല്ല)* . ARTCO Ltd എന്ന സ്ഥാപനവും , AH Wood Industries എന്ന സ്ഥാപനവുംടെണ്ടർ സ്പെസിഫക്കേഷൻ പ്രകാരമുള്ള (*plywood* )കട്ടിലിനാണ് ക്വാട്ട് ചെയ്തത്. എന്നാണ് സാമ്പിൾ പരിശോധ വേളയിൽ AH Wood Industres എന്ന സ്ഥാപനം മരപ്പലക പതിച്ച കട്ടിൽ ആണ് ലഭ്യമാക്കിയത് .ആയതിന് ഗുണനിലവാരം കൂടുതാലാണ് എന്ന കാരണത്താൽ ടെണ്ടർ അംഗീകരിക്കുകയാണ് ചെയ്തത്. ടെണ്ടർ BOQ പ്രകാരം നിരക്ക് കൂടുതൽ ക്വാട്ട് ചെയ്യുകയും സ്പെസിഫക്കേഷൻ പ്രകാരമല്ലാത്ത സാമ്പിൾ ഹാജരാക്കുകയും ഗുണനിലവാരത്തിന്റെ പേരിൽ ടെണ്ടർ നേടുകയും ചെയ്തത് ക്രമപ്രകാരമല്ല.

1.2ടെണ്ടർ സ്പെസിഫിക്കേഷനിൽ minimum requirement surface -8mm plywood അല്ലെങ്കിൽ ഇതിലും കൂടുതൽ ഗുണനിലവാരമുള്ള മരം നിർമിതം എന്ന് കൂടി വ്യക്തമാക്കുകയായിരുന്നവെങ്കിൽ ARTCO Ltd എന്ന സ്ഥാപനത്തിനും ഇതര സ്ഥാപനങ്ങൾക്കും കൂടി ഗുണനിലവാരം കൂടിയ സ്പെസിഫിക്കേഷനിൽ ഉള്ള കട്ടിലിന്റെ (പൂർണ്ണമായും മരം കൊണ്ട് നിർമ്മിച്ച) നിരക്ക് ക്വാട്ട്ചെയ്യുന്നതിനുള്ള അവസരം ലഭിക്കുമായിരുന്നു. ടെണ്ടർ ക്ഷണിച്ചതിനു ശേഷം തീരുമാനമെടുക്കുന്ന സമയത്ത് മാത്രം ടെണ്ടർ സ്പെസിഫിക്കേഷൻമാറ്റം വരുത്തിയതിനാൽ ,ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം കൃത്യമായി ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങളുടെയും ടെണ്ടർ സമർപ്പിക്കാൻ സാധ്യതയുണ്ടായിരുന്ന മറ്റ് സ്ഥാപനങ്ങളുടെയും മത്സരത്തിനുള്ള തുല്യ അവസരം നിഷേധിക്കപ്പെടുകയും മത്സരാധിഷ്ഠിത നിരക്ക് ലഭ്യമാകുന്നതിൽ തടസ്സമാകുകയും ചെയ്തിട്ടുണ്ട്. ഇത് സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. (സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.1)

1.3സെക്യൂരിറ്റി ഡെപ്പോസിറ്റ്അടവാക്കി ,കരാർവച്ചതിനുശേഷമാണ് സപ്ലൈ ഓർഡർ നല്കേണ്ടത് (സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.60,9.61).എന്നാൽ സപ്ലൈ ഓർഡർ നല്കിയ കരാറുകാരനുമായി (അസീസ്,AH Wood Industries)കരാറിൽ ഏർപ്പെട്ടിട്ടില്ല.

1.4സപ്ലൈ ഓർഡർ (c7-6314(3)/AS/2017DT.21.02.18),സപ്ലൈ ചെയ്ത ബിൽ (ഇൻവോയിസ് നം. 1053/18.3.18) എന്നിവയിൽ കട്ടിലിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.ഇൻവോയിസിൽ cot എന്നുമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.ആയതിനാൽ വിതരണം നടത്തിയ കട്ടിൽ സ്പെസിഫിക്കേഷൻ അനുസരിച്ചിട്ടുള്ളതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ എപ്രകാരം ഉറപ്പ് വരുത്തിയെന്ന് വ്യക്തമല്ല.

1.5ഈ പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ,നിർവ്വഹണ ഉദ്യോഗസ്ഥന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.
1.6 പദ്ധതി പ്രകാരം 253 പേർക്ക് കട്ടിൽ വിതരണം നടത്തുന്നതിനുള്ള ഗുണഭോക്തൃലിസ്റ്റാണ് തയ്യാറാക്കി അംഗീകാരം നേടിയിട്ടുള്ളത്.എന്നാൽ 299 പേർക്ക് കട്ടിൽ നൽകിയിട്ടുണ്ട്.അധികമായി ഉൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (ഗ്രാമസഭയിൽ വച്ച് അംഗീകാരം നേടിയിട്ടുമില്ല)
ടെണ്ടർ ക്ഷണിച്ചതിനു ശേഷം തീരുമാനമെടുക്കുന്ന സമയത്ത് മാത്രം ടെണ്ടർ സ്പെസിഫിക്കേഷൻമാറ്റം വരുത്തിയത് ക്രമപ്രകാരമുള്ള നടപടിയല്ല.ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധ പുലർത്തേണ്ടതാണ് അല്ലാത്തപക്ഷം ചെലവ് തുക ഇവരുടെ ബാധ്യതയായി കണക്കാക്കുന്നതായിരിക്കും.
കരാർ ,സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയതിന്റെ രേഖകൾ,മോണിറ്ററിങ്ങ് റിപ്പോർട്ട് ,നിർവ്വഹണ ഉദ്യോഗസ്ഥന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്,അധികമായി ഉൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചത് എന്നിവ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവ് തുക(1268944/-) തടസ്സത്തിൽ വയ്ക്കുന്നു.
( ഓഡിറ്റ് എൻക്വയറി നം.6/18.12.2018)

## 3-4 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിനു ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ1476630/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

| പ്രോജക്ട് നമ്പർ/ പ്രോജക്ട് | തുക നൽകിയ സ്ഥാപനം | ബിൽ നമ്പർ /തീയതി | തുക |
|---|---|---|---|
| 111/18, വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും (New) | കെ.എസ്.ഇ.ബി | 16/17-18 തീ.28/9/17 | 1326630/- |

| | | | |
|---|---|---|---|
| 164/18, ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്ററിന് തുക അടവാക്കൽ | തൃശ്ശൂർ ജില്ല പഞ്ചായത്ത് | 12/17-18 തീ.25/8/17 | 50000/- |
| 163/18, ഐ.എം.എ. ബ്ലഡ് ബാങ്ക് വിഹിതം | തൃശ്ശൂർ ജില്ല പഞ്ചായത്ത് | 13/17-18 തീ.25/8/17 | 0/- |
| | | | 1476630/- |

## 3-5 നെൽവിത്ത് വിതരണം -സബ്സിഡി അധികം നല്കിയത് നിരാകരിക്കുന്നു

പ്രോജക്റ്റ് -നെൽകൃഷിയെപ്രോത്സാഹിപ്പിക്കൽ

പ്രോജക്റ്റ് നമ്പർ - 130/18

നിർവ്വഹണം -കൃഷി ഓഫീസർ

ചെലവ് തുക - 1120000/-

ബിൽ നമ്പർ - 1/17-1, തീയതി. 27/10/17, തുക – 950400/-

a)മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിൽപ്പെട്ട 8 കോൾപ്പടവുകളിലെ കർഷകർക്ക് 50% സബ്സിഡി നിരക്കിൽ നെൽവിത്ത് വിതരണം നടത്തുന്നതിനായി തൻവർഷം 1120000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി Kerala State Seed Development Authority യിൽ നിന്ന് ഇൻവോയിസ് നമ്പർ 987/17-18/13.9.17 പ്രകാരം വാങ്ങിയ 6990 കിലോ നെൽവിത്തിൽ (40/kg) 4500 കിലോ തെക്കേകോഞ്ചിറ കോൾപ്പടവിന് സബ്സിഡി നിരക്കിലും (20/kg), 2490 കിലോ വടക്കേ കോഞ്ചിറ കോൾപ്പടവിന് മുഴുവൻ തുകയ്ക്കും(40/kg) നൽകിയതായിട്ടാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 4500 കിലോ നെൽവിത്തിന് സബ്സിഡി നിരക്കിൽ നല്കേണ്ടിയിരുന്ന തുക 90000/- രൂപയാണ്. എന്നാൽ മേൽ ബിൽ പ്രകാരം 112000/- രൂപ സീഡ് അതോറിറ്റിയ്ക്ക് നല്കിയിട്ടുണ്ട്. അതായത് 22000/- രൂപ അധികം നല്കിയിരിക്കുന്നു. ഇപ്രകാരം അധികം നല്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറി നം.17/21.12.18-നുള്ള മറുപടിയിൽ തെക്കേകോഞ്ചിറയുടെ പേരിൽ 4500kg വിത്തിനു പകരം 5600kg വിത്തിനുള്ള സബ്സിഡി (1100kg കൂടുതൽ) അധികമായി സീഡ് അതോറിറ്റിയിൽ അടച്ചുപോയി. ആയത് മടക്കികിട്ടുന്നതിനു വേണ്ടി നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സബ്സിഡിയായി അധികം നല്കിയ തുക 22000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കുന്നതുവരെ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കുന്നതായിരിക്കും.

b)പുളിപ്പാണ്ടി കോൾപ്പടവിന് Kerala State Seed Development Authorityയിൽ നിന്നു ഇൻവോയിസ് നമ്പർ 1202/17-18 തീ. 26.10.17 പ്രകാരം വാങ്ങിയ 9690kg നെൽവിത്തിൽ 480kg പുളിപ്പാണ്ടി കോൾപ്പടവിന് നല്കിയിരുന്നു. സബ്സിഡി തുകയായ 9600/- രൂപ സീഡ് അതോറിറ്റിയ്ക്ക് നല്കിയിട്ടുണ്ട്. നെൽവിത്ത് കർഷകർക്ക് വിതരണം നടത്തിയതിന്റെ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവ് തുക (9600/-)

തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (ജനറൽ)- തുക മുഴുവൻ കൈമാറിയിട്ടും പണി പൂർത്തീകരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ. (വെങ്കിടങ്ങ് സർക്കിൾ)

പ്രോജക്ട് നമ്പർ - 184/18

ബിൽ നമ്പർ - 7/17-18/31.3.18 തുക 140000

ബിൽ നമ്പർ - 3/17-18/1.3.18 തുക 100000

ഷീബ അശോകൻ, കല്ലുങ്ങൽ ഹൗസ്, തൊയക്കാവ് എന്ന ഗുണഭോക്താവിനെ 2015-16 വർഷത്തെ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 80000 രൂപ അനുവദിച്ചിരുന്നു. ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ, പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം എന്ന ലക്ഷ്യത്തോടെ ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ടിയാരിയെ ഉൾപ്പെടുത്തുകയും കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. തൻവർഷം ചുമർ പണി ചെയ്യുന്നതിന് മുൻകൂർ ആയി 100000 രൂപയും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുൻകൂർ ആയി 140000 രൂപയും അനുവദിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് പരമാവധി 4 ലക്ഷം എന്ന നിരക്കിന് ആനുപാതികമായ 240000 രൂപ അനുവദിച്ചിട്ടും ടിയാരി നാളിതുവരെ പണി പൂർത്തീകരിച്ചതായി കാണുന്നില്ല. കരാറിൽ 31.3.18 നകം പണി പൂർത്തീകരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാർ ലംഘനം നടത്തിയതിനാൽ ഭവന നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നാളിതുവരെ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ അടവാക്കേണ്ടതാണെന്നും അറിയിച്ചുകൊണ്ട് വി.ഇ.ഒ. ഗുണഭോക്താവിന് നോട്ടീസ് നൽകിയിട്ടുണ്ട്. നിലവിലും മേൽക്കൂര നിരപ്പ് വരെ മാത്രമാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ഗാർഹിക ബയോഗ്യാസ് പ്ലാന്റ് - പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല.

ഗാർഹിക ബയോഗ്യാസ് പ്ലാന്റ് പട്ടികജാതി വിഭാഗം (157/18) എന്ന പദ്ധതിയിൽ 70 പേർക്കും, ഗാർഹിക ബയോഗ്യാസ് പ്ലാന്റ് (152/18) എന്ന പദ്ധതിയിൽ 220 പേർക്കും 10500 വില വരുന്ന ബയോഗ്യാസ് പ്ലാന്റുകൾ പട്ടികജാതി വിഭാഗത്തിന് 75 % ഉം ജനറൽ വിഭാഗത്തിന് 50 % ഉം സബ്സിഡി നിരക്കിൽ SEUF (Socio Economic Unit Foundation) മുഖേന സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ എസ്.സി. പ്രോജക്ടിൽ നാല് പേർക്കും ജനറലിൽ 13 പേർക്കും മാത്രമാണ് പ്ലാന്റ് സ്ഥാപിച്ച് നൽകിയിട്ടുള്ളത്. പദ്ധതികൾക്കായി തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ | അടങ്കൽ | ചെലവ് | ചെലവിന്റെ |
|---|---|---|---|

| പേര് | വികസനം | തനത് | ഗുണഭോക്തൃ വിഹിതം | വികസനം | തനത് | ഗുണഭോക്തൃ വിഹിതം | വിശദാംശം (ബിൽ നമ്പർ/തിയതി) |
|---|---|---|---|---|---|---|---|
| ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | 1148750 | 6250 | 1155000 | 68250 | - | 68250 | 1) 4/17-18/ 27.3.18/68250 2) Cheq. No. 7108965/ 23.3.18/ 68250 |
| ഗാർഹിക ബയോഗ്യാസ് പ്ലാന്റ് പട്ടികജാതി വിഭാഗം | 551250 | - | 18370 | 31500 | - | 10500 | 1) 10/17-18 /24.3.18/ 31500 2) Cheq.No. 7108964/23.3.18/ 10500 |

പഞ്ചായത്തിന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന തുക യഥാർത്ഥ ആവശ്യകത കണക്കിലെടുക്കാതെ പദ്ധതി ആസൂത്രണം ചെയ്തതിലെ പിഴവ് മൂലം ഉപയോഗപ്പെടുത്താൻ സാധിക്കാതെ ലാപ്സായി പോവുകയാണുണ്ടായത്. ലക്ഷ്യം കൈവരിക്കാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ മറ്റ് പദ്ധതികൾക്കായി ഉപയോഗപ്പെടുത്തുന്നതിനോ പഞ്ചായത്തിന് സാധിച്ചില്ല. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-8 കന്നുകുട്ടി പരിപാലന പദ്ധതി

നിർവ്വഹണം :വെറ്ററിനറി സർജൻ

പദ്ധതി നമ്പർ - 117/18

ബിൽ നം 4/17-18 തിയതി 23.3.18 തുക 312500

ഈ പദ്ധതിക്കായി 25 ഗുണഭോക്താക്കൾക്ക് 12,500/- വീതം ആകെ 312500/- രൂപ എസ്.എൽ.ബി.പി ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയിൽ പങ്കാളികളായ രമ ജയരാജ്, ഒല്ലേക്കാട്ട്, തൊയക്കാവ് എന്ന ഗുണഭോക്താവ് മെയ് മാസം വരെ കാലിത്തീറ്റ വാങ്ങിയിട്ടുണ്ട്. പിന്നീട് കന്നുകുട്ടി മരണപ്പെട്ടതിനാൽ കാലിത്തീറ്റ വിതരണം നടന്നിട്ടില്ല. മേൽ ഗുണഭോക്താവ് പദ്ധതിയിൽ പങ്കാളിയായി തുടരാത്ത പക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് എസ്.എൽ.ബി.പി യിൽ നിന്നും പദ്ധതിപൂർത്തികരണത്തിന്റെ വിശദാംശവും, മേൽ പറഞ്ഞപ്രകാരം പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താവിന്റെ സബ്സിഡിവിഹിതം ബാക്കിതുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-9 ആശ്രയപദ്ധതി നടപ്പാക്കിയിട്ടില്ല

ജി.ഒ.(എം.എസ്.) 72/2017 ത.സ്വ.ഭ.വ. തിയതി. 29.3.17 പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 11.3 അനിവാര്യ വകയിരുത്തലുകളിൽ, വികസന ഫണ്ടിൽ നിന്നും നിർബന്ധമായും വിഹിതം നീക്കിവെയ്ക്കേണ്ടതായ ഇനമാണ് ആശ്രയ പ്രോജക്ട് വിഹിതം എന്നത്. എന്നാൽ 2016-17, 2017-18 വർഷങ്ങളിൽ ആശ്രയപദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയതായി കാണുന്നില്ല.

മേൽ ഉത്തരവിലെ അനുബന്ധം 14 ഖണ്ഡിക 3.7(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് സ്ഥലം ലഭ്യമാക്കിയതിനു ശേഷം മാത്രമാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ള ഇതര വിഭാഗങ്ങൾക്ക് സ്ഥലം അനുവദിക്കാവൂന്നത്. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖണ്ഡിക 3. 8(i) പ്രകാരം ഭവനരഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന ധനസഹായം മുൻഗണനാ അടിസ്ഥാനത്തിൽ നൽകണം.

ഒന്നാം ഘട്ടത്തിലെയും രണ്ടാം ഘട്ടത്തിലെയും ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ നിലനിൽക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാതിരുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

ആശ്രയ ഗുണഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രൊജക്ട് തയ്യാറാക്കി ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 പണ്ടാരമാട് എസ്.സി.കോളനി നവീകരണം- തനത്ഫണ്ട് തിരികെ ലഭിച്ചില്ല

2017-18 വർഷം മേൽ പദ്ധതിക്കായി ജില്ലാപഞ്ചായത്ത് വിഹിതം 800000 രൂപയും തനത്ഫണ്ട് 200000 രൂപയും വകയിരുത്തിയിട്ടുണ്ട്. 2017-18 വർഷം തനതുഫണ്ട് 200000 രൂപയും 2018-19 വർഷം ജില്ലാ പഞ്ചായത്തു വിഹിതം ലഭ്യമല്ലാത്തതിനാൽ തനതുഫണ്ട് 800000 രൂപയും ചെലവഴിച്ചു. തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക തിരികെ ലഭിക്കുന്നതിന് നടപടിയെടുക്കേണ്ടതാണ്.

## 3-11 മരാമത്ത് പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ്- തുടർനടപടിയുടെ വിവരം ലഭ്യമാക്കേണ്ടതാണ്

2017-18 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികളിൽ കുഴിച്ചെടുക്കുന്ന മിച്ചമുള്ള മണ്ണ് നിയമാനുസൃതനിരക്കിൽ കരാറുകാർക്ക് നൽകി തുക തനതു ഫണ്ടിൽ അടവാക്കുന്നതിന് 27-12-2017 തിയതിയിലെ ജനറൽ കമ്മിറ്റിയിൽ തീരുമാനമെടുത്തിട്ടുണ്ട്.

പഞ്ചായത്ത് കോംപ്ലക്സിലെ മഴവെള്ള സംഭരണിയുടെ നിർമ്മാണം (പ്രോജക്ട് നം.84/18) എന്ന പ്രവൃത്തിയിൽ (MB.38/17-18 ) കുഴിച്ചെടുത്ത മിച്ചമുള്ള 153 ഘ.മീ.മണ്ണ് 9-02-2018 തിയതിയിലെ തീരുമാന പ്രകാരം പഞ്ചായത്ത് ഗ്രൗണ്ടിൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. മണ്ണ് ഏതെങ്കിലും പ്രവൃത്തികളിൽ ഉപയോഗിക്കുകയോ ലേലം ചെയ്ത് തുക തനതുഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്യേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 9/19.12.18).

## 3-12 കരാറുകാർ മുഖേന നിർവ്വഹണം നടത്തുന്ന റോഡ്

## പ്രവൃത്തികൾക്ക് 10% ലാഭവിഹിതം,10% ഓവർഹെഡ്ചാർജ് എന്നിവ അനുവദിച്ചു

പ്രൈസ് സോഫ്റ്റ്‌വെയർ, MORD സ്പെസിഫിക്കേഷൻ എന്നിവ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും കരാറുകാർ മുഖേന നിർവ്വഹണം നടത്തുകയും ചെയ്ത റോഡ് പ്രവൃത്തികൾക്ക് 2017-18 വർഷം 10% ലാഭവിഹിതം, 10% ഓവർഹെഡ് ചാർജ് എന്നിവ അനുവദിച്ചു. സ.ഉ.(ആർ.ടി)നം.2480/2010 തസ്വഭവ തിയതി 29-7-2010 പ്രകാരം കരാറുകാർ മുഖേന നിർവ്വഹണം നടത്തുന്ന റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ 10% ലാഭവിഹിതം, 5% ഓവർഹെഡ് ചാർജ് എന്നിവ ഉൾപ്പെടുത്താവുന്നതാണ്. 2017-18 വർഷം കരാറുകാർ മുഖേന നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികൾക്ക് 5% നിരക്കിൽ അധികം തുക വിനിയോഗിച്ചതിനാൽ ചെലവിനത്തിൽ പഞ്ചായത്തിന് ഭീമമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. സോഫ്റ്റ്‌വെയറിലെ ഈ അപാകത ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

# 3-13 ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1. പദ്ധതി :S.C.വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ
പദ്ധതി നമ്പർ: 131/18

അടങ്കൽ : 3,00,000/-

ചെലവ് : 3,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ് മാസ്റ്റർ, ഗവൺമെന്റ് യു.പി.സ്കൂൾ

1)ബിൽ നം .02/17-18/തിയ്യതി 26-3-18 തുക 1,37,200/-

2)ട്രഷറി സേവിങ്സ് ബാങ്ക് ചെക്ക് നമ്പർ 5964999 തീയതി.20.03.18 തുക.1,62,800/-

എസ്.സി. വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ /മരം) വാങ്ങി നല്കുന്നതിന് 5,000 രൂപ (ഒരു മേശക്ക് 3297/- രൂപയും ഒരു കസേരയ്ക്ക് 1703/- രൂപയും) വരെ ധന സഹായം നല്കുന്ന പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) KSIDCO യുടെ ഇൻവോയ്സ് നം. (SMC OLR/17-18/T1/214 dated 27-2-18) പ്രകാരം 60 മേശയും കസേരയും വാങ്ങി. ഇതിൽ 59 മേശയും കസേരയും മാത്രമേ ഗുണഭോക്താക്കൾക്കു നൽകിയിട്ടുള്ളൂ. ഭൗതിക പരിശോധനയിൽ ഒരു കസേര കണ്ടെത്താൻ സാധിച്ചില്ല. ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 112 വിദ്യാർത്ഥികൾ നിലവിലിരിക്കെ മുൻഗണനാ അടിസ്ഥാനത്തിൽ അടുത്ത വിദ്യാർത്ഥിക്ക് ഫർണീച്ചർ നല്കിയിട്ടില്ല.

2) ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നല്കാവൂ എന്നിരിക്കെ പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നതിന് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

3) സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾക്ക് എൻക്വയറി നം. 8/19.12.2018 നല്കിയതിന്റെ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. അപാകതകൾ പരിഹരിക്കുന്നതുവരെ തുക 3,00,000 തടസ്സപ്പെടുത്തുന്നു.

2.പ്രൊജക്റ്റ് : സാക്ഷരത
പ്രൊജക്റ്റ് നമ്പർ : So133/18
അടങ്കൽ തുക : 50,000/-
ആകെ ചെലവ് തുക : 45,750/-
നിർവഹണം :ഹെഡ്മാസ്റ്റർ
ബിൽ നമ്പർ :ട്രഷറി ബിൽ നമ്പർ 01/17-18 തീയതി:26.3.18 തുക.45,750/-

ഗ്രാമപഞ്ചായത് തലത്തിലെ പത്താം തരം ക്ലാസ്സിലേക്കുള്ള പഠിതാക്കൾക്ക് രജിസ്ട്രേഷൻ ഫീസ് ഇനത്തിലേക്കായി 25 വിദ്യാർത്ഥികൾക്കാണ് ധനസഹായം നൽകിയിരിക്കുന്നത്. ഇതിനെ സംബന്ധിച്ച് നൽകിയ എൻക്വയറി (എൻക്വയറി നമ്പർ14/17-18 തീയതി:20.12.18 )യിൽ തുക കേരളാ സ്റ്റേറ്റ് ലിറ്ററസി മിഷനാണ് കൈമാറിയിരിക്കുന്നതു എന്ന് മറുപടി നൽകിയിരിക്കുന്നത്. തുക കൈമാറിയതു സംബന്ധിച്ചോ കൈപ്പറ്റിയ വിവരങ്ങളെ സംബന്ധിച്ചോ ഉള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 45,750/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 ക്ഷീരവികസന ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

പ്രൊജക്റ്റ് :ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡി
പ്രൊജക്റ്റ് നമ്പർ :Soo67/18
മൊത്തം അടങ്കൽ തുക :1,14,000/-
ആകെ ചെലവ് തുക :99,000/-
നിർവ്വഹണം :ക്ഷീരവികസന ഓഫീസർ
ബിൽ നമ്പർ: 1)01/17-18 തീയതി 22.3.18 തുക 50,000/-
2) ട്രഷറി സേവിങ്ങ്സ് ബാങ്ക് ചെക്ക് നമ്പർ 3424289 തീയതി.13.3.18 ലെ 49,000/- തുക
2017-18 പഞ്ചായത്തീരാജ് സബ്സിഡി മാർഗരേഖ സർക്കാർ ഉത്തരവ് (എം.സ്.)നമ്പർ 80/2017 ത.സ്വ .ഭ വ. തീയതിയിലെ ഖണ്ഡിക നമ്പർ 8.2 മൃഗസംരക്ഷണം /ക്ഷീരവികസനം ക്രമനമ്പർ 8 പ്രകാരം ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് പരമാവധി 4 രൂപ വച്ച് കർഷകർക്ക് നൽകുന്നതിൽ പഞ്ചായത്ത് വിഹിതമായി 3 രൂപയും ക്ഷീരവകുപ്പ് വിഹിതമായി 1 രൂപയും നൽകേണ്ടതാണ്.
എന്നാൽ 27 ഗുണഭോക്താക്കളുള്ള ഈ പദ്ധതിയിൽ ജൂലൈ മുതൽ ഫെബ്രുവരി വരെ പഞ്ചായത്ത് തന്നെ ഈ തുക (4രൂപ വീതം ) പൂർണ്ണമായും നൽകിയതായി കാണുന്നു.
ജൂലൈ മുതൽ ഫെബ്രുവരി വരെയുള്ള ആകെ പാലിന്റെ അളവ്=19,188 ലിറ്റർ
ലിറ്ററിന് 4 രൂപ വച്ച് =19188*4 =76,752/-
ലിറ്ററിന് 3 രൂപ വച്ച് =19188*3 = 57,564/-
അധികം നൽകിയ തുക =76,752 - 57,564= 19188/-
ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ :13/17-18 തീയതി:20.12.18) നൽകിയ മറുപടി തൃപ്തികരമല്ല. അധികം നൽകിയ തുകയ്ക്ക് കൃത്യമായ വിശദീകരണം നൽകുന്നത് വരെ 19,188/-തുക തടസ്സപ്പെടുത്തുന്നു.

## 3-15 നെൽകൃഷി കൂലിച്ചെലവ് -വിതരണ രേഖകൾ ഹാജരാക്കിയില്ല -ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് –നെൽകൃഷി കൂലിച്ചെലവ് (ജനറൽ)

പ്രോജക്ട് നമ്പർ - 156/18

നിർവ്വഹണം –കൃഷി ഓഫീസർ

പദ്ധതി അടങ്കൽ -1000000/-

ചെലവ് തുക - 987098/- (വികസനഫണ്ട്-493549/-, ബ്ലോക്ക് വിഹിതം 493549/-)

നെൽകൃഷിക്ക് കൂലിച്ചെലവ് നല്കുന്നതിനായി ബ്ലോക്ക് വിഹിതമായി ലഭിച്ച 493549/- രൂപ രണ്ട് ട്രഷറി ചെക്കുകളായി (SB/JC no.3424292/28/3/18, 103038/-, SB/JC no.3424291/28.318,390511/-) കൃഷി ഓഫീസർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും തുക കർഷകർക്ക് വിതരണം നടത്തിയതിന്റെ ട്രഷറി സ്റ്റേറ്റ്മെന്റ് (കർഷകരുടെ പേര്, കൃഷിചെയ്ത ഭൂമിയുടെ വിസ്തൃതി, അക്കൗണ്ട് നമ്പർ, തുക എന്നിവ ഉൾപ്പെട്ട) ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കാരണം അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (17/21.12.18) മറുപടിയിൽ 2 ചെക്കുകളായി ലഭിച്ച തുക ട്രഷറിയിൽ കർഷകരുടെ സ്റ്റേറ്റ്മെന്റ് സഹിതം ഹാജരാക്കിയിരുന്നു. എന്നാൽ ചില സാങ്കേതിക തടസ്സങ്ങളാൽ ട്രഷറിയിൽ നിന്നും വിതരണം നടത്തിയില്ലയെന്നും, വളരെ വൈകിയാണ് ട്രഷറി കൃഷിഭവനെ ഇക്കാര്യം അറിയിച്ചതെന്നും നല്കിയ ചെക്ക് കാലഹരണപ്പെട്ടുപോവുകയും ഈ വിവരം പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും പുതിയ ചെക്ക് രണ്ടെണ്ണം അനുവദിക്കുകയും ആയത് ട്രഷറിയിൽ സമർപ്പിച്ചിരിക്കുകയാണെന്നുമാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. നാളിതുവരെ തുക കർഷകർക്ക് വിതരണം നടത്തിയിട്ടില്ല. ടി തുക കർഷകർക്ക് വിതരണം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് മുല്ലശ്ശേരി | 2017-18 | 5,00,000 | നെൽകൃഷിക്ക് ഉഴവുകൂലി | 493549 | 6451 |
| | 2016-17 | 4,00,000 | വാണിവിലാസം കുടിവെള്ള പദ്ധതി | --- | 4,00,000 |
| ബ്ലോക്ക് പഞ്ചായത്ത് മുല്ലശ്ശേരി | 2017-18 | 49,000 | പാലിന് സബ്സിഡി | 49,000 | ------ |
| ബ്ലോക്ക് പഞ്ചായത്ത് മുല്ലശ്ശേരി ## | 2017-18 | 157,000 | വികലാംഗ സ്കോളർഷിപ്പ് | 1,57,000 | |
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 2017-18 | 1900000 | മെറ്റീരിയൽ കളക്ഷൻ സെന്റർ | --- | 1900000 |
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 2017-18 | 10,00,000 | പി.എച്ച്.സി. നവീകരണം | 1000000 | --- |
| ജില്ലാ പഞ്ചായത്ത് | 2017-18 | 5,00,000 | സ്ട്രീറ്റ് മെയിൻ വലിക്കൽ | --- | 5,00,000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 300000 | വികലാംഗ സ്കോളർഷിപ്പ് | 300000 | --- |

##വാർഷിക കണക്ക് പ്രകാരം 331869/- രൂപ കൂടുതൽ. ഐ.സി.ഡി.എസ്-ന് ലഭിച്ച തുക തെറ്റായി ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത്. 2016-17 വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് 1603189. ഇതിൽ 72/- രൂപ മുൻവർഷങ്ങളിൽ ലഭിച്ച തുകയുടെ ബാക്കി തൻവർഷം തിരിച്ചടച്ചു. ആയതിനാൽ 331869+1603189-72 = 1934986 രൂപയാണ് ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെയും, തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21701408 CFC Date | 1314495 | 0 | 1314495 |
| KSEB | സ്ട്രീറ്റ് മെയിൻ ആന്റ് മീറ്റർ സ്ഥാപിക്കൽ | 21701409CFC | 1326630 | 0 | 1326630 |

മുൻകൂർ നല്കിയ തുക അഡ്വാൻസ് ഹെഡ്ഡിൽ കൊണ്ടുവന്നിട്ടില്ല. ആയതിനാൽ 17-18 വാർഷിക കണക്ക് ബാലൻസ് ഷീറ്റിലും ഈ തുക ഉൾപ്പെട്ടിട്ടില്ല. ചെലവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് വാർഷിക കണക്കിലെ അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| നൂറ് വീട് ഭവന പദ്ധതി | സ.ഉ.നം. 37473/ഡിബി.1/ 2014/ത.സ്വ.ഭ.വ തിയ്യതി: 04-02-2010 | 20000000 | 15999280+ 100000 | 2000000 | 1016901 | 13082379 |

ബാലൻസ് ഷീറ്റ് പ്രകാരം 20000/- രൂപ നീക്കിയിരിപ്പിൽ കുറവുണ്ട്. ആയത് അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 2014-15 | 2.1 | 2014-15 | 2.1 | തൊഴിൽ നികുതി പൂർണ്ണമായോ, ഭാഗികമായോ അടവാക്കാത്തത് സംബന്ധിച്ച് | കുടിശ്ശിക പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു |
| 2015-16 | 2.5-1<br>2.5-2<br>2.5-3<br>2.5-4 | 2015-16 | 2.5-1 | തൊഴിൽ നികുതി പൂർണ്ണമായോ, ഭാഗികമായോ അടവാക്കാത്തത് സംബന്ധിച്ച് | കുടിശ്ശിക പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66554238 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80050422 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 172000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4282210 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 150000 | ശ്രീ.അബ്ദുൽ റസാക്ക് പി.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 3-5(a) | - | 22000 | ശ്രീമതി.അനിത.എം.കെ., കൃഷി ഓഫീസർ |

| ആകെ | - | 172000 | |
|---|---|---|---|

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 175000 | ശ്രീ. അബ്ദുൽ റസാക്ക്.പി.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | 1268944 | ശ്രീ.അബ്ദുൽ റസാക്ക് പി.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 1476630 | ശ്രീ.സജിതോമസ്, സെക്രട്ടറി |
| 3-5(b) | 9600 | ശ്രീമതി.അനിത.എം.കെ., കൃഷി ഓഫീസർ |
| 3-15 | 987098 | ശ്രീമതി.അനിത.എം.കെ., കൃഷി ഓഫീസർ |
| 3-13(1) | 300000 | ശ്രീമതി.ടി.കെ .ശാന്ത,ഹെഡ്മിസ്ട്രസ്സ് |
| 3-13(2) | 45750 | ശ്രീമതി.ടി.കെ .ശാന്ത,ഹെഡ്മിസ്ട്രസ്സ് |
| 3-14 | 19188 | ശ്രീമതി.ആമിന പി.ബി., ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | 4282210 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം |
|---|---|---|

| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ശ്രീ. അബ്ദുൽ റസാക്ക് പി.എസ്., അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | വനമാലിഹൗസ്, ഹൗസ് നം.322. 15th street, Harinagar, 680002 |
| ശ്രീമതി.അനിത.എം.കെ, കൃഷി ഓഫീസർ | ഡി.എ ഫാം, തളിപ്പറമ്പ, കണ്ണൂർ | പൂക്കാട്ട് ഹൗസ്, പി.ഒ വേളത്തൂർ, തൃശ്ശൂർ |
| ശ്രീ.സജിതോമസ്, സെക്രട്ടറി | ആലത്തൂർ ഗ്രാമ പഞ്ചായത്ത് | നെടുങ്ങാട്ട് ഹൗസ്, സായിബാവ കോളനി |
| ശ്രീമതി.ടി.കെ.ശാന്ത, ഹെഡ്മിസ്ട്രസ്സ് | ജി.എം.യു.പി.എസ്, വെങ്കിടങ്ങ് | മാങ്ങാത്തറ ഹൗസ്, പി.ഒ.മുല്ലശ്ശേരി |
| ശ്രീമതി.ആമിന.പി.ബി., ഡയറി ഫാം ഇൻസ്ട്രക്ടർ | വിരമിച്ചു | പണിക്കവീട്ടിൽ ഹൗസ്, അയ്യന്തോൾ, 680003 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68 | എൽ.എഫ്.ഇ3 (1)/ 6590/ 25.1.74 |
| 81-82 | എൽ.എഫ്.ടി.(എസ് 2) 1130/11/ 26.7.11/20.10.11 |
| 82-83 | |
| 83-84 | |
| 84-85 | |
| 85-86 | എൽ.എഫ്.ഇ(1)/1513/90/10.1.91 |

| | |
|---|---|
| 86-87 | എൽ.എഫ്.ഇ(1)/2433/ 91/4.2.92 |
| 87-88, 89-90, 90-91 | എൽ.എഫ്.ഇ (1)/197/94/8.3.94 |
| 91-92 | എൽ.എഫ്.ഇ3(1)/ 1554/93/15.2.94 |
| 92-93 | എൽ.എഫ്.ടി.18- 1172/2000/19.9.2000 |
| 93-94 | എൽ.എഫ്.ടി.18-1111/ 2000/2.11.2000 |
| 94-95 | എൽ.എഫ്.ടി.18- 1167/2000/8.11.2000 |
| 95-96 | എൽ.എഫ്.ടി.18- 01/12/2000/8.11.2000 |
| 96-97 | എൽ.എഫ്.ടി.11- 548/98/2.11.98 |
| 97-98 | എൽ.എഫ്.ടി.15-8/2000/ 6.6.2000 |
| 98-99 (വരവ്) | എൽ.എഫ്.ടി.15- 1443/02/ 27.9.02 |
| 98-99 (ചെലവ്) | എൽ..എഫ്.ടി.18- 1/5.8.2001 |
| 99-00 | എൽ.എഫ്.ടി.18- 165/2002/27.9.2002 |
| 2000-01 | എൽ.എഫ്.ടി.18-500/04/ 30.9.04 |
| 01-02 | എൽ.എഫ്.ടി.18- 506/04/ 30.9.04 |
| 02-03 | എൽ.എഫ്.ടി.18-1744/04/ 2.11.04 |
| 03-04 | എൽ.എഫ്.ടി.18-1514/05/ 17.1.06 |
| 04-05 | എൽ.എഫ്.ടി.15-289/07/ 16.3.07 |
| 05-06 | എൽ.എഫ്.ടി.15- 2011/08/ 14.9..09 |
| 06-07 | എൽ.എഫ്.ടി.15-236/10/ 6.9.2010 |
| 07-08 | എൽ.എഫ്.ടി.15- 237/10/ 6.9.2010/14.2.11 |
| 08-09 | എൽ.എഫ്.ടി.പി(1)- 2103/12/6.2.13 |
| 09-10 | എൽ.എഫ്.ടി.പി(1)- 2103/12/6.2.13 |
| 10-11 | എൽ.എഫ്.ടി.പി.(1)- 2103/12/6.2.13 |
| 11-12 | എൽ.എഫ്.ടിപി(1)- 983/13/11.2.14/1.4.14 |
| 12-13 | എൽ.എഫ്.ടി.പി(5)- 1540/14/2.2.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ(പി5)-732/15-21 /8/15/14.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി5)1149/2016-16-7-2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി.5)2129/2016-05.12.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി.5)1522/2017-29.11.17 |

| | | |
|---|---|---|
| | | /7.12.17 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി5)27/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി: 16/04/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം -2

## ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ